എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്കിൽ ഡെവലപ്മെന്റ് കേന്ദ്രങ്ങളാക്കൽ

198 (5001) ശ്രീ. എ. കെ. ബാലൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്കിൽ ഡെവലപ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളുമാക്കാൻ പദ്ധതി പ്രഖ്യാപിച്ചിരുന്നോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(സി) പദ്ധതി മുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് പ്രയോജനം ലഭിച്ചെന്നും എത്ര പേർക്ക് തൊഴിൽ ലഭിച്ചെന്നും അറിയിക്കാമോ ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടപ്പാക്കുമെന്ന് 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച അധിക വൈദഗ്ധ്യ വർദ്ധന പദ്ധതി (എ.എസ്.ഇ.പി.) ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) 2012-13 സാമ്പത്തിക വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പദ്ധതി ആരംഭിച്ചു. എറണാകുളം, കോഴിക്കോട്, കൊല്ലം, കണ്ണൂർ, പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ആലപ്പുഴ, കോട്ടയം, ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. ഈ സാമ്പത്തിക വർഷം മലപ്പുറത്തിന് പുറമെ കാസർഗോഡ്, തിരുവനന്തപുരം, തൃശ്ശൂർ എന്നിവയിൽ ഏതെങ്കിലും ഒരു ജില്ലയിൽ കൂടി എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പദ്ധതി മുഖേന നാളിതുവരെ 5 എംപ്ലോയബിലിറ്റി സെന്ററുകളിലായി 17962 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 12499 ഉദ്യോഗാർത്ഥികൾ

LIBRARY ARCHIVES Kerala Legislative Assembly

അസെസ്മെന്റിനും കൗൺസിലിംഗിനും വിധേയരാവുകയും 11333 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. 9509 ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ 2014-15 സാമ്പത്തിക വർഷം "എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും എംപ്ലോയബിലിറ്റി സെന്ററുകളും സംയുക്തമായി 'നിയുക്തി 2015' എന്ന പേരിൽ എറണാകുളം, നിലമ്പൂർ, കണ്ണൂർ, പാലക്കാട്, കൊല്ലം എന്നീ അഞ്ച് സ്ഥലങ്ങളിൽവച്ച് മെഗാജോബ് ഫെയർ സംഘടിപ്പിച്ചു. പ്രസ്തുത മേളയിൽ 42821 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും 17875 പേർക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച അധിക വൈദഗ്ധ്യ വർദ്ധന പദ്ധതി (ASEP) യുടെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളാക്കി മാറ്റിക്കൊണ്ട് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

തോട്ടം തൊഴിലാളികൾക്ക് ചുരുങ്ങിയത് 500 രൂപ കൂലി

199 (5002) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികൾക്ക് നിലവിൽ കിട്ടുന്ന കൂലി എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) കൂലി പുതുക്കി നൽകുന്നതിന് പുതിയ തീയതി എന്തെങ്കിലും തീരുമാനിച്ചിട്ടുണ്ടോ ;

(സി) തോട്ടം തൊഴിലാളികൾക്ക് ചുരുങ്ങിയത് 500 രൂപ എന്ന കൂലി നൽകുന്നതിന് ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാർ തയ്യാറാകുമോ ;

(ഡി) തൊഴിലാളികൾക്ക് ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 5-2-2014-ലെ സ.ഉ. (കൈ) നമ്പർ. 15/2014/തൊഴിൽ ഉത്തരവ് പ്രകാരം 2015 ജൂലൈ മാസത്തിൽ വിവിധ വിഭാഗം തോട്ടം തൊഴിലാളികൾക്ക് നൽകേണ്ട ശമ്പള നിരക്ക് അനുബന്ധമായി ചേർക്കുന്നു.* ഇതുകൂടാതെ വേതനത്തിന് പുറമേ, സർവ്വീസ് വെയിറ്റേജും തൊഴിലാളികൾക്ക് നൽകിവരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly